## വാഹന കൈമാറ്റം, സർക്കുലർ 10 / 2020 അനുബന്ധ യൂസർ ഗൈഡ്

വിഷയം : മോട്ടോർ വാഹന വകുപ്പ് - വാഹൻ-4 ട്രാൻസ്ഫർ ഓഫ് ഓണർഷിപ് - അടിസ്ഥാന സർവീസുകൾ -നടപടിക്രമങ്ങൾ -സംബന്ധിച്ചു.

സംസ്ഥാനത്തു വാഹൻ-4 നിലവിൽ വന്ന സാഹചര്യത്തിൽ വാഹന കൈമാറ്റം ചെയ്യുന്നതിന് പാലിക്കപ്പെടേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് 21/03/2019 തീയതിയിലെ 4/2019 സർക്കുലർ പ്രകാരം ഉത്തരവ് നല്കിയിട്ടുള്ളതാണ്. എന്നാൽ നോ-ഡ്യൂ-സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുന്നതിനുള്ള കാലതാമസം, ഉടമസ്ഥാവകാശം മാറ്റുന്നതിന് രണ്ടു ആർ ടി ഓഫീസുകളുമായി അപേക്ഷകർക്ക് ബന്ധപ്പെടേണ്ട സാഹചര്യം എന്നിവ കണക്കിലെടുത്തു ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്ന പ്രകാരം ലഘൂകരിക്കുന്നു.

1. വാഹനം കൈമാറ്റം ചെയ്യുമ്പോൾ, വാഹനം വിൽക്കുന്ന വ്യക്തിയും വാഹനം വാങ്ങുന്ന വ്യക്തിയും ചേർന്ന്, വാഹൻ-4 ലെ ഓൺലൈൻ സർവീസിലുള്ള ബേസിക് സർവീസിൽ ലഭ്യമായ ട്രാൻസ്ഫർ ഓഫ് ഓണർഷിപ് സെലക്ട് ചെയ്തു ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. വാഹനം വിൽക്കുന്ന വ്യക്തിയുടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മൊബൈൽ നമ്പറിലേക്ക് വരുന്ന OTP രേഖപ്പെടുത്തി, ഓൺലൈൻ അപേക്ഷ സമർപ്പണം തുടങ്ങുന്നു. വാഹനം വാങ്ങുന്ന വ്യക്തിയുടെ വിവരങ്ങളും, പൂർണ്ണ സ്ഥിര/താത്കാലിക അഡ്രസ്സും മൊബൈൽ നമ്പറും രേഖപ്പെടുത്തേണ്ടതും തുടർന്ന് വാഹനം വാങ്ങുന്ന വ്യക്തിയുടെ മൊബൈൽ നമ്പറിൽ വരുന്ന OTP രേഖപ്പെടുത്തി അപേക്ഷ സമർപ്പണം പൂർത്തിയാക്കേണ്ടതുമാണ്.

3. അപേക്ഷ സമർപ്പണം പൂർത്തിയായി കഴിയുമ്പോൾ ഫീസ്-രസീത്, ഫോമുകൾ എന്നിവയുടെ പ്രിന്റ് എടുത്തു ഒപ്പിട്ടു (ഫൈനാൻസ് നിലനിർത്തി ഉടമസ്ഥാവകാശം മാറ്റുന്ന സാഹചര്യത്തിൽ ഫൈനാൻസിയറുടെ ഒപ്പ്, സീൽ ഉൾപ്പെടെ) ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. (Add pending/Modify uploaded documents തുടങ്ങിയ ലിങ്കുകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്). ഫോം 29, ഫോം 30 എന്നിവ വാഹനിലെ പ്രിന്റ് തന്നെ പരമാവധി ഉപയോഗിക്കേണ്ടതാണ്. എന്നിരുന്നാലും ഫിനാൻസ് നിലനിർത്തൽ പോലുള്ളവ കൂടെ ഉണ്ടെങ്കിൽ ഫൈനാൻസിയറുടെ ഒപ്പ്, സീൽ എന്നിവ പതിച്ച കൃത്യമായി തയ്യാറാക്കിയ ഫോം ആണെങ്കിലും അനുവദനീയമാണ് .

4. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫീസ് രസീതി, ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ പെർമിറ്റ്ക്യാൻസൽ ചെയ്ത/ ട്രാൻഫർ ഓഫ് പെർമിറ്റ്ഗ്രാൻറ് ഉത്തരവ്, എന്നിവയോടൊപ്പം വാഹനം വാങ്ങുന്നയാളിന്റെയോ വിൽക്കുന്നയാളിന്റെയോ ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതിയ ഉടമസ്ഥന് കൈമാറ്റം രേഖപ്പെടുത്തിയ ആർ സി അയച്ചു നൽകുവാൻ ആവശ്യമായ സ്റ്റാമ്പ് പതിച്ചു വിലാസം എഴുതിയ കവർ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. വാഹൻ-4 ലെ നടപടിക്രമത്തിന്റെ ആദ്യപടിയായി, അപേക്ഷ ലഭ്യമായ ഓഫീസിൽ സെക്ഷൻ ക്ലാർക് ഇൻവെർഡ് ചെയ്യേണ്ടതാണ്. ഇൻവെർഡ് ചെയ്യുമ്പോൾ

രണ്ട് റെക്കോർഡുകൾ സംജാതമാകുന്നു. ആദ്യത്തേത് നോ-ഡ്യൂ-സെർടിഫിക്കറ്റിനുള്ളതും രണ്ടാമത്തേത് ട്രാൻസ്ഫെറിനുള്ളതും; ഇവ യഥാക്രമം ക്ലാർക്കിന്റെയും സൂപ്പർവൈസറി ഓഫീസറുടെയും ഡെസ്ക്-ടോപ്പിൽ ലഭ്യമാവുകയും ചെയ്യുന്നു.

6. ചെക്ക് റിപ്പോർട്ടുകളോ മറ്റു ശിക്ഷ നടപടികളോ നിലവിൽ പെന്റിങ് ഇല്ലാ എന്ന് ഉറപ്പുവരുത്തി സെക്ഷൻ ക്ലാർക്ക് നോ-ഡ്യൂ-സർട്ടിഫിക്കറ്റ് എന്റർ ചെയ്തു സൂപ്പർവൈസറി ഓഫീസർക്കു ഫോർവേഡ് ചെയ്യണം. അപ്പോൾ സൂപ്പർവൈസറി ഓഫീസർക്കു ട്രാൻസ്ഫറിനുള്ള റെക്കോർഡിന് പുറമെ നോ-ഡ്യൂ -സെർടിഫിക്കറ്റിനുള്ള റെക്കോർഡും കൂടി ലഭ്യമാവുകയും, സൂപ്പർവൈസറി ഓഫീസർ രണ്ടു റെക്കോർഡുകളും ഒരുമിച്ചു പരിശോധിച്ചു വെരിഫിക്കേഷൻ പൂർത്തിയാക്കി അപ്രൂവൽ ഓഫീസർക്കു ഫോർവേഡ് ചെയ്യണം.

7. അപ്രൂവൽ ഓഫീസർക്കു രണ്ടു റിക്കോർഡുകളും ഒരുമിച്ചു ലഭ്യമാവുകയും നോ-ഡ്യൂ -സെർട്ടിഫിക്കറ്റും ട്രാൻസ്ഫറും ഒരുമിച്ചു തന്നെ അപ്രൂവ് ചെയ്യുവാനും കഴിയുന്നു. ആർ സി പ്രിന്റ് ചെയ്തു ഉടനെ തന്നെ ഡസ്പാച്ച് ചെയ്യേണ്ടതാണ്.

8. വാഹനം വിൽക്കുന്നയാളിന്റെ ഓഫീസും വാഹനം വാങ്ങുന്നയാളിന്റെ ഓഫീസും വ്യത്യസ്തമാവുകയും അപേക്ഷ സമർപ്പിക്കുവാനായി തെരെഞ്ഞെടുക്കന്നത് നിലവിലെ ഉടമയുടെ ഓഫീസ് ആകുന്ന പക്ഷം, വാഹനം നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഓഫീസ് അധികാരിക്ക് തന്നെ മറ്റൊരു ഓഫീസ് പരിധിയിലേക്കു വാഹന ട്രാൻസ്ഫർ അംഗീകരിക്കുവാനും ആർ സി ഒപ്പ് വയ്ക്കുവാനുമുള്ള അധികാരം 10/2020 സർക്കുലർ പ്രകാരം നല്കിയിട്ടുള്ളതാകുന്നു. ഈ രീതിയിൽ ട്രാൻസ്ഫർ അപ്രൂവ് ചെയ്തു പ്രിന്റ് എടുത്ത ശേഷം അഡ്മിൻ ലോഗിനിലുള്ള Modify 'Vehicle Registering Office Code' എന്ന 'ആക്ഷൻ' വഴി വാങ്ങിയ വ്യക്തിയുടെ ഓഫീസിലേക്ക് 'ആക്റ്റീവ് ഓഫീസ്' മാറ്റി നൽകി വിവരം അഡ്മിൻ ലോഗിനിൽ തന്നെയുള്ള 'യൂസർ മെസ്സേജിങ്' വഴി ഔദ്യോഗികമായി അറിയിക്കേണ്ടതുമാണ്.

9. ട്രാൻസ്ഫർ രേഖപ്പെടുത്തിയ ശേഷം പുതിയ ആർ സി പ്രിന്റ് ചെയ്തു നൽകുന്നതിനാൽ, പഴയ ആർ സി, ഹോളോഗ്രാം ഉൾപ്പെടെ കത്രികയാൽ മുറിച്ചു ഉപയോഗസൂന്യമാക്കേണ്ടതാണ്.

10. ഫിനാൻസ് ക്ലോസിങ് ഉണ്ടെങ്കിൽ ഫിനാൻസ് ക്ലോസ് ചെയ്ത് സർക്കുലർ 4/ 2018 പ്രകാരമുള്ള ഒരു കോപ്പി ഫോം 35 പൂരിപ്പിച്ചു രജിസ്റ്റേർഡ് തപാലിൽ ഫൈനാൻസിർക്കു അയച്ചു നൽകേണ്ടതാണ് .

9. വാഹന ഉടമയുടെ മേൽവിലാസത്തിലുള്ള മാറ്റം ആർ സി യിൽ രേഖപെടുത്തുവാനായി പുതിയ മേൽവിലാസം ഏതു ഓഫീസിന്റെ പരിധിയിലാണോ വരുന്നത് ആ ഓഫീസ് സെലക്ട് ചെയ്തു ഫീ ഒടുക്കി അപേക്ഷ ആ ഓഫീസിൽ തന്നെ സമർപ്പിച്ചാൽ മതിയാകും. നോ ഡ്യൂ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ഇവിടെ ആവശ്യമില്ല. എന്നാൽ പെർമിറ്റ്ഉള്ള വാഹനങ്ങൾ നിലവിൽ പെർമിറ്റ് ഉള്ള ഓഫീസിൽ ക്യാൻസൽ ചെയ്യുകയോ / സറണ്ടർ ഗ്രാന്റ് ചെയ്യുകയോ ചെയ്താൽ മാത്രമേ അഡ്രസ് മാറ്റത്തിനു അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു . പുതിയ ഓഫീസിൽ

പുതിയ പെർമിറ്റ് എടുക്കുകയോ അല്ലെങ്കിൽ അഡ്രസ് മാറ്റിയതിനു ശേഷം മുന്പ് സറണ്ടർ ചെയ്ത പെർമിറ്റ്‌വീണ്ടും മുൻപത്തെ ഓഫീസിൽ restore ചെയ്യുകയോ വേണം .

10. ട്രാൻസ്ഫർ ഓഫ് ഓണർഷിപ് അപേക്ഷ വാങ്ങുന്ന വ്യക്തിയുടെ ഓഫീസിലും സമർപ്പിക്കാവുന്നതിനാൽ ഒരു വാഹനത്തെ സംബന്ധിച്ച പരാതിയോ ,കോടതി നടപടികളോ, ഓഡിറ്റ് ഒബ്ജെക്ഷനുകളോ, തുടങ്ങി കരിമ്പട്ടികയിൽ പെടുത്താവുന്ന കാരണങ്ങൾ ലഭിച്ചാൽ അപ്പോൾ തന്നെ ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടതും നിയപരമായ നടപടികൾ എടുക്കേണ്ടതുമാണ് . ഇതിൽ വീഴ്ച വരുത്തുന്നത് കുറ്റകരമാണ്.

11. വാഹനം ബ്ലാക്ക്‌ലിസ്റ്റിൽ ഉൾപെടുത്തിയ ഓഫീസിനും, വാഹനം നിലവിൽ ആക്റ്റീവ് ആയിരിക്കുന്ന ഓഫീസിനും ബ്ലാക്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുന്ന സംവിധാനം വാഹൻ-4 ൽ ഉണ്ട്. ഫീ/ടാക്സ് /ഫൈൻ കുടിശ്ശിക കാരണങ്ങളാൽ ബ്ലാക്ക്‌ലിസ്റ്റിൽ ഉൾപെടുത്തിയതാണെങ്കിൽ ഇവ ഈ രണ്ടു ഓഫീസിലുകളിലേതെങ്കിലും ഒന്നിൽ കളക്റ്റ് ചെയ്തു റിലീസ് ചെയ്യുവാൻ സാധിക്കുന്നതാണ്.

12. പെർമിറ്റ് ഉള്ള വാഹനങ്ങളുടെ പെർമിറ്റ് നിലവിൽ പെർമിറ്റ് ഇഷ്യൂ ചെയ്തിരിക്കുന്ന ഓഫീസിൽ നിന്നും ക്യാൻസൽ/ട്രാൻഫർ ഓഫ് പെർമിറ്റ്ഗ്രാൻറ് ചെയ്തു നൽകിയാൽ മാത്രമേ വാഹന ഉടമക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ വാഹനിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ .

13 പെർമിറ്റ് ക്യാൻസൽ/ട്രാൻഫർ ഓഫ് പെർമിറ്റ്ഗ്രാൻറ് ചെയ്ത ശേഷം ഓൺലൈൻ ആയി തന്നെ ഉടമക്ക് ഉത്തരവിന്റെ പ്രിന്റ് എടുക്കുവാനുമുള്ള സൗകര്യം വാഹന-4 ന്റെ സവിശേഷതയാണ്.

14. പെർമിറ്റ് ക്യാൻസൽ ചെയ്യുവാനുള്ള അപേക്ഷയും, സറണ്ടർ ചെയ്ത പെർമിറ്റും വാഹനിൽ ഉടമസ്ഥാവകാശം മാറി എന്ന് ഉറപ്പുവരുത്തിയതിനു ശേഷമേ ഡിസ്‌പോസ് ചെയ്യാവു. പെർമിറ്റ് ക്യാൻസൽ ചെയ്തതിനു ശേഷം ഉടമസ്ഥാവകാശം മാറാതെ ഉള്ള വാഹനങ്ങൾ കണ്ടുപിടിച്ചു നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. ട്രാൻസ്ഫർ അപ്പ്രൂവ് ചെയ്യുമ്പോൾ തന്നെ വാഹനം വാങ്ങിയ വ്യക്തിയുടെ മൊബൈലിലേക്ക് സന്ദേശം ലഭിക്കുന്നതും അപ്പോൾ തന്നെ പെർമിറ് ആവശ്യമുള്ള വാഹനങ്ങൾക്കു ഓൺലൈൻ ആയി പെർമിറ് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതുമാണ്. പെർമിറ്റ്അപേക്ഷ ഓൺലൈൻ (സ്റ്റേജ് കരിയേജ് ഒഴികെ )ആയി ലഭിച്ചാൽ ഉടൻ തന്നെ അപേക്ഷ കൃത്യമാണെങ്കിൽ സ്ക്രൂട്ടിനി , വെരിഫൈ , അപ്പ്രൂവൽ എന്നിവ ചെയ്യേണ്ടതാണ്. ഉടമക്ക് ഓൺലൈൻ സംവിധാനം മുഖേന പെർമിറ്റ് പ്രിന്റ് എടുക്കാവുന്നതാണ്. ട്രാൻസ്ഫർ ഓഫ് ഓണർഷിപ് മാറിയതിനു ശേഷം പെർമിറ് എടുക്കാത്ത വാഹനങ്ങളുടെ ലിസ്റ്റ് വാഹൻ റിപ്പോർട്ടിൽ നിന്നും എടുത്തു നടപടികൾ കൈക്കൊള്ളേണ്ടതാണ്.

17. ഫിനാൻസ് ക്ലോസിങ്, ഫിനാൻസ് നോട്ടിങ് , ഫിനാൻസ് നിലനിർത്തൽ തുടങ്ങിയ സേവനങ്ങൾ ഉടമസ്ഥാവകാശം മാറ്റുന്നതിനോടൊപ്പമോ/അല്ലാതെയോ നടത്താറുള്ള സേവനങ്ങൾക്കും, കൂടാതെ അഡ്രസ് മാറ്റം, ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾക്കും ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യുവുള്ള

സംവിധാനം വാഹനിൽ നിലവിൽ വന്നിട്ടുണ്ട് . സർക്കുലർ/2020 പ്രകാരമുള്ള നിർദ്ദേശം ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും, നോൺട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ബാധകമാണ്

18. എല്ലാ പരിഷ്ക്കാരങ്ങളും നിർദ്ദേശങ്ങളും മോട്ടോർ വാഹന വകുപ്പിലെ ഓരോ അപേക്ഷകനും യാതൊരു വിധ ബുദ്ധിമുട്ടുകളും ഉണ്ടാകാതെ ഏറ്റവും നല്ല സേവനം ലഭ്യമാക്കുന്നതിന് വേണ്ടിയും എന്നാൽ ഓരോ ജീവനക്കാരനും ജോലിഭാരം പരമാവധി കുറക്കുന്നത്തിനും വേണ്ടി ഉള്ള ലക്ഷ്യത്തോടെയാണ്. അപേക്ഷകരുടെയും ജീവനക്കാരുടെയും സഹകരണം വകുപ്പ് അഭ്യർത്ഥിക്കുന്നു.

ഒപ്പ്

**ട്രാൻസ്പോർട്ട് കമ്മീഷണർ**

**അംഗീകാരത്തോടെ**

28/05/2020

**സീനിയർ സൂപ്രണ്ട്**